ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനുണ്ട്. അവർക്കുവേണ്ട സംരക്ഷണം നൽകണമെന്നുമാത്രമേ ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുന്നുള്ളൂ. സംഭവങ്ങളും ഈ നിലയിൽ എത്തിയിരിക്കുന്നതുകൊണ്ട് അതിന്റെ മറ്റു വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഈ സംഭവത്തിൽ മുസ്ലിം വിരോധം മാത്രമല്ല കാണുന്നത്. പല സ്ഥലത്തുംകമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകരേയും സംഘം ചേർന്നു ആക്രമിച്ചിട്ടുണ്ട്. ആവശ്യമായ നടപടികളും എടുത്തുവരുന്നുവെന്നു പറഞ്ഞിട്ടുള്ളതു് ആശ്വാസകരമാണെങ്കിലും കൂടുതൽ ശക്തമായ നടപടികളും ഗവണ്മെൻറു ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. കരുണാകരൻ: സർ, ഇതു സംബന്ധിച്ചു പോലീസു് നടപടികളും കൈക്കൊള്ളുന്നതിനും പുറമേ ഏതെങ്കിലും രണ്ടു വിഭാഗങ്ങളും തമ്മിൽ, രണ്ടു മതവിഭാഗങ്ങളും തമ്മിൽ മതവികാരങ്ങളിൽനിന്നും ഉളവാകുന്ന സംഘർഷാവസ്ഥ ഉണ്ടാകുകയാണെങ്കിൽ അവിടെ പോലീസിനെ നിയോഗിച്ചതുകൊണ്ടു് ഫലപ്രദമായ പരിഹാരം ഉണ്ടാകുവാൻ ഇടയില്ല. കഴിഞ്ഞകാലയനുഭവങ്ങളിൽ നിന്നും നമുക്കു് അതു ബോദ്ധ്യമായിട്ടുള്ള കാര്യങ്ങളാണു്; അതിനുംപുറമേ ഈ രണ്ടു വിഭാഗക്കാരേയും യോജിപ്പിച്ചു കൊണ്ടുപോകുവാൻ,അങ്ങനെ സംഘർഷാവസ്ഥ ഇല്ലാതാക്കുവാൻ ഈ ഗവണ്മെൻറു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഈ കാര്യങ്ങളെല്ലാം വിശദമാക്കുവാൻവേണ്ടി ഇതു ഇവിടെ ഒരു അടിയന്തിര പ്രമേയമായി ചർച്ച ചെയ്യുന്നതായിരിക്കും നല്ലതെന്നാണു് എനിക്കു അഭിപ്രായമുള്ളതു്.

ശ്രീ. എം. കെ. കൃഷ്ണൻ: ഇന്നലെ വൈകുന്നേരംതന്നെ രണ്ടു വിഭാഗക്കാരും തമ്മിൽ സമാധാനം പുനസ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടു്. അതിനുവേണ്ടിയുള്ള പ്രചാരവേലകളും തുടർന്നുകൊണ്ടിരിക്കുകയാണു്.

മി. സ്പീക്കർ: ഇങ്ങനെയുള്ള പ്രശ്നങ്ങളും കൈകാര്യം ചെയ്യുമ്പോൾ, അതു ഈ സഭയിൽ ചർച്ചചെയ്യുക്കൂടുതൽ കുഴപ്പങ്ങളും ഉണ്ടാകുന്ന രീതിയിൽ ഒരുഭാഗത്തുനിന്നും സംസാരിക്കുവാൻ പാടില്ല. സംസാരിച്ചുവെന്നു ഞാൻ പറയുന്നില്ല, എങ്കിലും പറയാതെ നിവൃത്തിയില്ല. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ ഗവണ്മെൻറു എടുക്കേണ്ടതായ എല്ലാ നടപടികളും എടുത്തിട്ടുണ്ടെന്നും അവിടെ സമാധാനം പുനസ്ഥാപിക്കുവാൻവേണ്ടി അനുരഞ്ജനസംഭാഷണം തുടങ്ങിയവ നടത്തുന്നുണ്ടെന്നും പറഞ്ഞിട്ടുള്ള സ്ഥിതിക്കു് കൂടുതൽ കുഴപ്പങ്ങളും വരാതിരിക്കുവാൻവേണ്ടി ഇതൊരു അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല. അടിയന്തിരപ്രമേയത്തിനു അനുമതി നൽകുന്നില്ല.

Strike by Private College Teachers:

മി. സ്പീക്കർ: പ്രൈവറ്റു കോളേജു് അദ്ധ്യാപകർ ഇന്നു മുതൽ സംസ്ഥാനവ്യാപകമായി പണിമുടക്കുവാൻ തീരുമാനിച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ച ചെയ്യുന്നതിനു ശ്രീ. ഉണ്ണികൃഷ്ണപിള്ള, ശ്രീ. എൻ. കെ. ശേഷൻ, ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള, ശ്രീ. ചന്ദ്രസേനൻ എന്നിവർ അടിയന്തിര പ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുണ്ടു്. ഇതേപ്പറ്റി ശ്രീ. കെ. എം. ജോർജ്ജും ശ്രീ. സി. ബി. സി. വാര്യരും റൂൾ 61 അനുസരിച്ചും നോട്ടീസു് തന്നിട്ടുണ്ടു്.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: സർ, കൊല്ലത്തെ ഫാത്തിമാമാതാ കോളേജിലെ മൂന്നു അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടതിനെ തുടർന്ന തർക്കങ്ങളാണു് പ്രധാനമായും പ്രൈവറ്റു അദ്ധ്യാപക സംഘടനയെ കേരള വ്യാപകമായ ഒരു സമരത്തിനു്

LIBRARY ARCHIVES Kerala Legislative Assembly

പ്രേരിപ്പിച്ചതെന്നു ഞാൻ മനസ്സിലാക്കുന്നു. അതുപോലെതന്നെ കാലടി ശ്രീ. ശങ്കരാചാര്യ കോളേജിലെ മാനേജ്മെന്റ് അദ്ധ്യാപകന്മാരുടെമേൽ എടുത്ത ചില നടപടികളും അദ്ധ്യാപക സംഘടനയെ ചൊടിപ്പിച്ചിട്ടുണ്ട്. ഈ രണ്ടു കാര്യങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ ഇതിനു പരിഹാരം ഉണ്ടാക്കുവാൻ വേണ്ടി ഗവണ്മെന്റ് പരിശ്രമിക്കുകയുണ്ടായി. ഈ സഭ ഓർക്കുന്നുണ്ടാവും, ഇവിടെ സമ്മേളിച്ച ആദ്യത്തെ ദിവസംതന്നെ ഈ പ്രശ്നം ഇവിടെ ഉന്നയിക്കപ്പെടുകയും ഇതു അനുരഞ്ജന സംഭാഷണങ്ങൾ വഴി ഒത്തുതീർപ്പിലാക്കിത്തീർക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും ചെയ്യാൻ തയ്യാറാണെന്നു ഗവണ്മെന്റിനുവേണ്ടി ഞാൻ ഈ സഭയെ അറിയിച്ചിട്ടുള്ളതുമായ കാര്യം. കോളേജു വിദ്യാഭ്യാസത്തിനുള്ള ഇത്തരം കുഴപ്പങ്ങളെ ഇല്ലാതാക്കുന്നതിനുവേണ്ടി നാം പാസ്സാക്കിയ യൂണിവേഴ്സിറ്റി ആക്ടിലെ അദ്ധ്യാപകന്മാരുടെ സംരക്ഷണത്തെ സംബന്ധിച്ചുള്ള ഖണ്ഡികകളും ഫാത്തിമാകോളേജുകാർ കോടതിയിൽ ചോദ്യം ചെയ്തിരിക്കുകയാണ്. അതുപോലെ ഈ ആക്ടിനെതന്നെയും ഈ കോളേജുകാർ ചോദ്യം ചെയ്തിട്ടുണ്ട്. അതു സംബന്ധമായ വിധി വരുന്നതുവരെ ഈ ആക്ടിന്റെ പേരിൽ എന്തെങ്കിലും പ്രവർത്തിക്കുക സാധ്യമല്ല. മറ്റു വിധത്തിൽ എന്തെങ്കിലും ചെയ്യാൻ ഗവണ്മെന്റു ശ്രമിക്കുകയും അല്പം വഴിവിട്ടപോലും ഗവണ്മെന്റ് ഇതിനുവേണ്ടി ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. പി. അച്യുതൻനായരെ ഈ പ്രശ്നം പറഞ്ഞു തീർക്കുവാൻ ഗവണ്മെന്റ് മധ്യസ്ഥനായി നിയോഗിക്കുകയും, അദ്ദേഹം അദ്ധ്യാപക സംഘടനകളുടെ നേതാക്കളും ഫാത്തിമാമാതാ കോളേജിന്റെ മാനേജ്മെന്റായ അവിടത്തെ ബിഷപ്പുമായി സംസാരിക്കുകയുംചെയ്തിട്ടുണ്ട്. ആ സംഭാഷണത്തിന്റെ ഫലമായിട്ട അഭിപ്രായവ്യത്യാസങ്ങളുടെ വിടവു വളരെയേറെ നികത്തികൊണ്ടുവരുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. ആ ഒരു ഘട്ടത്തിൽ ഒരു വിധത്തിലും അഭിപ്രായവ്യത്യാസം പരിഹരിക്കുവാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുകയും ഒരദ്ധ്യാപകന്റെ പ്രശ്നത്തെ സംബന്ധിച്ചുമാത്രം അവർ തെറ്റിപ്പിരിയുകയുമാണ് ചെയ്തത്. കാലടി കോളേജിന്റെ കാര്യവും ഈ മദ്ധ്യസ്ഥനു വിട്ടുകൊടുക്കുവാൻ ഗവണ്മെന്റു തീരുമാനിച്ചു. ശ്രീ. അച്യുതൻനായർ അവിശ്രമം വളരെ നയ ചതുരതയോടെ പരിശ്രമിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് ഇരുകൂട്ടർക്കും സ്വീകാര്യമായ തീരുമാനം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു ഖേദപൂർവ്വം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. രണ്ടുകൂട്ടരും വിട്ടുവീഴ്ചമനോഭാവത്തോടുകൂടി പരിഹാരത്തിന്റെ അടുത്തു എത്തിയപ്പോൾ ഒരു അദ്ധ്യാപകന്റെ പ്രശ്നത്തെച്ചൊല്ലി രണ്ടുകൂട്ടരും തർക്കുകയാണ് ഉണ്ടായതു്. ആ കാര്യത്തിൽ അവരുടെ നിലപാടിൽ ഉറച്ചുനിൽക്കുകയാണ് ചെയ്തതു്. അങ്ങനെ അതിനു പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇനിയും ഗവണ്മെന്റിന്റെ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ശ്രമങ്ങൾ തുടരുകയല്ലാതെ മറ്റു മാർഗ്ഗങ്ങൾ ആക്ടു അനുസരിച്ച് കൈക്കൊള്ളുവാൻ ഇപ്പോൾ ഗവണ്മെന്റിനു കഴിയുകയില്ല. എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു തീർച്ചയായിട്ടും പരിശോധിക്കുന്നതാണ്. ഇതിനെച്ചൊല്ലി അഖിലകേരള വ്യാപകമായ പണിമുടക്കു നടത്തുകയല്ലാതെ വേറെ മാർഗ്ഗമില്ലെന്നാണ് അദ്ധ്യാപകർ തീരുമാനിച്ചിട്ടുള്ളതു്. ആ തീരുമാനത്തിന്റെ ന്യായാന്യായതയെക്കുറിച്ചു ഇപ്പോൾ ഞാനൊന്നും പറയുവാൻ ആഗ്രഹിക്കുന്നില്ല. ആ തീരുമാനം ഈ രാജ്യത്തു് ആകമാനം ഉള്ള അഭിവൃദ്ധിക്കു് വിഘാതം ഉണ്ടാക്കും. അദ്ധ്യാപകർ അങ്ങനെയൊരു തീരുമാനം എടുക്കുകയല്ലാതെ വേറെ മാർഗ്ഗമില്ലെന്നുള്ള അഭിപ്രായത്തിലാണ് എത്തിച്ചേർന്നിരിക്കുന്നതു്. അനുരഞ്ജനശ്രമം ഇനിയും തുടരുകയല്ലാതെ ഗവണ്മെന്റിനു എന്തെങ്കിലും ചെയ്യാമെന്നും തോന്നുന്നില്ല. ഗവണ്മെന്റിനെക്കൊണ്ടു് ആവുന്നതെല്ലാം ഈ കാര്യത്തിൽ ചെയ്തിട്ടുണ്ട്, ആ കാര്യം ഈ രാജ്യത്തെ അദ്ധ്യാപകർക്കറിയാം, നാട്ടുകാർക്കറിയാം. ഈ സഭയിലുള്ളവർക്കും അറിയാം. കാര്യങ്ങൾ ഈ വിധത്തിലാണെന്നും ഗവണ്മെന്റു് പരിഹാരം ഉണ്ടാക്കുവാൻ ആവുന്നതും ശ്രമിക്കുകയാണെന്നും മാത്രമേ ഇപ്പോൾ സഭയെ അറിയിക്കുന്നുള്ളൂ.

മി. സ്പീക്കർ; ഈ പ്രശ്നത്തെപ്പറ്റി ഗവണ്മെന്റു് ചെയ്യാവുന്നതെല്ലാം ആത്മാർത്ഥമായി ചെയ്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്കു് ഉറപ്പുതന്നതിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് അവതരണാനുമതി നല്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly